# അദ്ധ്യായം - 47



**ബാബയുടെ ഓർമ്മകൾ**

*വീരഭദ്രപ്പയുടെയും ചെന്നബാസപ്പയുടെയും കഥകൾ - (പാമ്പും തവളയും)*

*കഴിഞ്ഞ അദ്ധ്യായത്തിൽ ബാബക്ക് രണ്ടാടുകളെ പറ്റിയുള്ള ഓർമ്മകൾ പ്രസ്താവിച്ചുവല്ലോ. ഇതിൽ വേറെയും ഓർമ്മകളെപറ്റിയും വീരഭദ്രപ്പയുടെയും ചെന്നബാസപ്പയുടെയും കഥകളെപ്പറ്റിയും പ്രസ്താവിക്കുന്നു.*

## മുഖവുര

സായിയുടെ മുഖം അനുഗ്രഹീതമാണ്. നാം ബാബയുടെ നേരെ ഒരിക്കൽ നോക്കിയാൽ, കഴിഞ്ഞ ജന്മങ്ങളിലെ സങ്കടങ്ങളെല്ലാം ബാബ നശിപ്പിച്ച് നമ്മിൽ മഹത്തായ ആനന്ദം പ്രദാനം ചെയ്യുന്നു. ബാബ നമ്മെ കരുണയോടുകൂടി നോക്കിയാൽ നമ്മുടെ കർമ്മബന്ധം പെട്ടെന്ന് ഇല്ലാതായിപ്പോയി നാം സ്വർഗ്ഗീയമായ ആനന്ദം അനുഭവിക്കുന്നു. ഗംഗാ നദി സ്നാനത്തിനു ചെല്ലുന്ന എല്ലാവരുടെയും അഴുക്കും പാപങ്ങളും കഴുകിക്കള

യുന്നു. പക്ഷെ ഗംഗ എല്ലായ്പ്പോഴും ഋഷിമാരുടെ പാദസ്പർശ മേറ്റ് തന്നിലുള്ള അഴുക്കുകളെ നിർമ്മാർജ്ജനം ചെയ്യാനായി ആഗ്രഹിക്കുന്നു. ഗംഗക്കറിയാം തന്റെ അഴുക്കുകൾ പോക്കുവാൻ ഋഷി പാദങ്ങളെക്കൊണ്ട് മാത്രമേ കഴിയൂ എന്ന് സായി ഋഷി മാരുടെ ചൂഡാമണിയാണ്. ബാബയിൽ നിന്നും താഴെ കാണുന്ന കഥകൾ കേൾക്കുവിൻ.

**പാമ്പും തവളയും**

സായിബാബ പറഞ്ഞു "ഒരു പ്രഭാതത്തിൽ ലഘുഭക്ഷ ണശേഷം ഞാൻ കുറച്ച് ചുറ്റി നടന്ന് ഒരു ചെറിയ പുഴവക്ക ത്തെത്തി. ഞാൻ ക്ഷീണിച്ചിരുന്നതുകൊണ്ട് അവിടെ കുറച്ച് വിശ്ര മിച്ച് കൈകാലുകൾ കഴുകിക്കുളിച്ചപ്പോൾ ക്ഷീണം തീർന്ന് ഉന്മേഷം കിട്ടി. അവിടെ ഒരു ഒറ്റയടിപ്പാതയും കാളവണ്ടി പോകുന്ന വഴിയും വൃക്ഷച്ഛായകൊണ്ട് തണൽവിരിച്ച് കിടന്നി രുന്നു. ഒരു മന്ദമാരുതൻ വീശിക്കൊണ്ടിരുന്നു. ഞാൻ ചില്ലിം പുകയ്ക്കാൻ തയ്യാറായിക്കൊണ്ടിരിക്കുമ്പോൾ ഒരു തവള കര യുന്നതായി കേട്ടു. ഞാൻ തീപ്പെട്ടി ഉരച്ച് തീപിടിപ്പിക്കുകയായി രുന്നു. അപ്പോൾ ഒരു യാത്രക്കാരൻ അടുത്തുവന്ന് നമസ്കരിച്ച്, കൂടെ ഇരുന്ന് വിനയത്തോടുകൂടി അയാളുടെ വീട്ടിലേക്ക് ഭക്ഷണ ത്തിനും വിശ്രമത്തിനുമായി ക്ഷണിച്ചു. അയാൾ പൈപ്പ് കൊളുത്തി എനിക്കു തന്നു. തവളയുടെ കരച്ചിൽ വീണ്ടും കേട്ട പ്പോൾ അയാൾക്കതെന്താണെന്നറിയണമെന്നായി. ഞാൻ അപ്പോൾ ഒരു തവള കഷ്ടതയനുഭവിക്കുകയാണെന്നും അതിന്റെ കർമ്മ ഫലം അനുഭവിച്ചു തീർക്കുകയാണെന്നും പറഞ്ഞു. മുജ്ജ ന്മത്തിൽ വിതച്ചത് ഈ ജന്മത്തിൽ കൊയ്യണം. അതിനെപ്പറ്റി വിലപിച്ചിട്ട് പ്രയോജനമില്ല. പിന്നീട് അയാൾ പുകവലിച്ച് പൈപ്പ് എനിക്കു തന്നു. എന്നിട്ട് അയാൾ പോയി, എന്താണ് സംഭവി

ക്കുന്നതെന്നു നോക്കി വരാമെന്നുപറഞ്ഞു. ഞാനപ്പോൾ ഒരു വലിയ പാമ്പ് ഒരു തവളെയെ പിടിച്ചതുകൊണ്ട് അതു കരയുക യാണെന്നു പറഞ്ഞു. അവ രണ്ടും കഴിഞ്ഞ ജന്മത്തിൽ വളരെ ചീത്ത പ്രകൃതക്കാരായിരുന്നതിനാൽ ഈ ജന്മത്തിൽ കർമ്മ ഫലം അനുഭവിക്കുകയാണ്. അയാൾ പോയി നോക്കിയപ്പോൾ ഒരു വലിയ കറുത്ത സർപ്പം ഒരു തവളയെ പിടിച്ചതായി കണ്ടു.

അയാൾ മടങ്ങിവന്ന്, പത്തുപന്ത്രണ്ട് നിമിഷങ്ങൾക്കകം പാമ്പ് തവളയെ തിന്നുകളയുമെന്ന് പറഞ്ഞു. ഞാനതുകേട്ട് "ഇല്ല, അതുപാടില്ല ഞാൻ അതിന്റെ രക്ഷിതാവാണ്. ഞാനിവിടെ ഇപ്പോൾ ഉണ്ടല്ലോ. എങ്ങനെയാണ് പാമ്പിനെ ഞാൻ അതിനെ തിന്നാൻ വിടുക ? ഞാനിവിടെ വെറുതെ ഇരിക്കയാണോ? അതിനെ ഞാൻ എങ്ങനെ വിടുവിക്കുന്നു വെന്നു നോക്കുക" എന്നു പറഞ്ഞു.

വീണ്ടും പുക വലിച്ച് ഞങ്ങൾ ആ സ്ഥലത്തേക്ക് നട ന്നു. അയാൾ ഭയപ്പെട്ട് എന്നോട് മുന്നോട്ടു പോവരുതെന്നു പറ ഞ്ഞു. അയാൾ, പാമ്പ് ഞങ്ങളെ ഉപദ്രവിക്കുമെന്നാണ് കരുതിയ ത്. ഞാനതൊന്നും വകവെക്കാതെ മുന്നോട്ടുപോയി. ആ ജീവി കളോട് ഇങ്ങനെ പറഞ്ഞു: 'ഓ വീരഭദ്രപ്പാ! നിന്റെ ശത്രു ബാസപ്പ തവളയായി ജനിച്ചിട്ടും പശ്ചാത്തപിക്കുന്നില്ലേ? നീയും ഒരു പാമ്പായി ജനിച്ചിട്ടും നിന്റെ ശത്രുത അവസാനിപ്പിച്ചില്ലെ? കഷ്ടം, ലജ്ജയില്ലല്ലോ ; ശത്രുത കളഞ്ഞ് സമാധാനത്തോടുകൂടി ഇരി ക്കുവിൻ".

ഈ വാക്കുകൾ കേട്ട് പാമ്പ് തവളയെ വിട്ട് പുഴയിൽ ചാടി അപ്രത്യക്ഷപ്പെട്ടു. തവളയും ചാടിപ്പോയി പൊന്തയിൽ ഒളിഞ്ഞു.

യാത്രക്കാരൻ വളരെ വിസ്മയിച്ചു. അയാൾക്ക് ഈ വാക്കുകൾ കേട്ട്, പാമ്പ് തവളയെ എങ്ങനെ വിട്ടുവെന്ന് മനസ്സിലായില്ലെന്നും, വീരഭദ്രപ്പയാരെന്നും ബാസപ്പയാരെന്നും എന്താണവർ തമ്മിൽ ശത്രുതക്ക് കാരണമെന്നും ചോദിച്ചു. ഞാൻ അയാളോടുകൂടി മരത്തണലിലേക്ക് വന്ന് കുറച്ചുകൂടി പുകവലിച്ച് ആ കഥ താഴെ പറയുംപ്രകാരം പറഞ്ഞു:

എന്റെ സ്ഥലത്തുനിന്ന് 4,5 നാഴികയകലെ പുരാതനമായ ഒരു മഹാദേവക്ഷേത്രം സ്ഥിതിചെയ്യുന്ന ഒരു പുണ്യസ്ഥലമുണ്ട്. ആ സ്ഥലത്തുള്ളവർ അതിന്റെ ജീർണ്ണോദ്ധാരണത്തിനായി പണം പിരിച്ചുണ്ടാക്കി. വലിയ ഒരു സംഖ്യ പിരിച്ചുണ്ടാക്കിയപ്പോൾ നിത്യപൂജക്ക് ഏർപ്പാട്ചെയ്ത്, റിപ്പെയറിനുള്ള ഒരു എസ്റ്റിമേറ്റും തയ്യാറാക്കി. ആ സ്ഥലത്തുള്ള ധനികനായ ഒരാളെ ഖജാൻജിയായി നിശ്ചയിച്ച് എല്ലാ പ്രവൃത്തികളും അയാളെ ചുമതലപ്പെടുത്തി. അയാൾ എല്ലാ കണക്കുകളും വെച്ച് എല്ലാ സംഗതികളും കൃത്യനിഷ്ഠയോടെ ചെയ്യാനാണ് നിശ്ചയം. അയാൾ ഭയങ്കര പിശുക്കനായതുകൊണ്ട്, വളരെകുറച്ചു റിപ്പയർ മാത്രം ചെയ്തതുകൊണ്ട്, പണി വളരെക്കുറച്ചുമാത്രമേ പുരോഗമിച്ചുള്ള. അയാൾ ആ പണം മുഴുവൻ ചിലവാക്കി. കുറെ സംഖ്യ സ്വന്തമായി വിഴുങ്ങി. ഒട്ടും സ്വന്തം കൈയിൽനിന്നെടുക്കാതെ കഴിച്ചുകൂട്ടി. അയാൾക്ക് വളരെ മധുരമായി സംസാരിക്കാൻ കഴിയുന്നതിനാൽ പണി തീരാത്തതിന് നല്ല വിശ്വാസയോഗ്യമായ കാരണങ്ങൾ പറഞ്ഞു ബോദ്ധ്യപ്പെടുത്തും. ജനങ്ങൾ വീണ്ടും ചെന്ന്, അയാൾ സഹായിക്കാത്തപക്ഷം പണി പുരോഗമിക്കില്ലെന്നപേക്ഷിച്ചു. അവർ വീണ്ടും അയാളോട് പണി കഴിക്കാൻ പറഞ്ഞ് കുറെ പണം കൂടി പിരിച്ച് വീണ്ടും അയാളെ ഏൽപ്പി

ച്ചു. ആ പണം അയാൾ സ്വീകരിച്ച് മുമ്പത്തെപോലെത്തന്നെ ഒരു പണിയും ചെയ്യാതെ കഴിച്ചുകൂട്ടി. കുറച്ചു ദിവസം കഴിഞ്ഞ് ഭഗവാൻ മഹാദേവൻ, അയാളുടെ ഭാര്യക്ക് സ്വപ്നത്തിൽ പ്രത്യ ക്ഷപ്പെട്ട് പറഞ്ഞു: “നീ എഴുന്നേല്ക്ക്, ക്ഷേത്രത്തിന്റെ ഗോപുരം നീ പണികഴിപ്പിക്ക്. നീ ചിലവാക്കുന്നതിന്റെ നൂറിരട്ടി ഞാൻ നിനക്ക് തരാം”. അവർ ഈ ദർശനത്തെപറ്റി ഭർത്താവിനോട് പഞ്ഞു. അയാൾ പണം ചിലവാകുമെന്ന് കരുതി പുച്ഛിച്ചു ചിരി ച്ചുകൊണ്ട് അതൊരു വെറും സ്വപ്നമാണെന്നുപറഞ്ഞു തള്ളി ക്കളഞ്ഞു. അത് ശരിയാണെങ്കിൽ ദേവൻ തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടാണ് പറയേണ്ടതെന്നായിരുന്നു അയാളുടെ വാദം. ഇത് ഒരു ദുസ്വപ്നമാണ്. അതിന്റെ ഉദ്ദേശം ഭാര്യഭർത്താക്കന്മാരെ തെറ്റിക്കലാണ്, എന്നുപറഞ്ഞു. അവർ അതുകേട്ട് ഒന്നും മിണ്ടാ തിരുന്നു.

ദൈവം ദാതാവിന് മനസ്സില്ലാതെ കൊടുക്കുന്ന വലിയ സംഭാവനകൾപോലും ഇഷ്ടപ്പെടുന്നില്ല. എന്നാൽ പ്രേമാ ദരങ്ങളോടെ മനസ്സറിഞ്ഞുകൊടുക്കുന്ന ഏതു ചെറിയ തുകയും ദൈവം സ്വീകരിക്കുന്നു. കുറെ ദിവസങ്ങൾക്കുശേഷം ഭഗവാൻ വീണ്ടും ആ സ്ത്രീയുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് “നീ നിന്റെ ഭർത്താവിനേയും അയാൾ വശമുള്ള സംഭാവനത്തുകയെയും കുറിച്ച് ചിന്തിക്കേണ്ടതില്ല. അയാളെ ക്ഷേത്രപ്പണിക്ക് സംഖ്യ ചെലവുചെയ്യാനും നിർബന്ധിക്കേണ്ട. എനിക്ക് വേണ്ടത് ഭക്തി യാണ്. അതുകൊണ്ട് നിനക്കിഷ്ടമുണ്ടെങ്കിൽ എന്തെങ്കിലും സ്വന്തമായത് തന്നാൽ മതി” എന്നു പറഞ്ഞു. അതിനെപറ്റിയും അവർ ഭർത്താവിനോടലോചിച്ച് അവർക്ക് അച്ഛനാൽ കിട്ടിയ ആഭരണങ്ങൾ ദേവന്ന് സംഭാവന ചെയ്യാൻ തീർച്ചപ്പെടുത്തി. പിശുക്കൻ അസ്വാസ്ഥ്യനായി. അയാൾ ഈ കാര്യത്തിലും

ദൈവത്തെ പറ്റിക്കാൻ നിശ്ചയിച്ചു. അയാൾ ആഭരണങ്ങൾക്ക് താഴ്ത്തി വിലകെട്ടി 1000ക. ക്ക് നിശ്ചിയിച്ചു. താൻ തന്നെ വാങ്ങി, പകരം ദൈവത്തിന് ഒരു വയൽ ജാമ്യമായി കൊടുത്തു. ഭാര്യ അതിനു സമ്മതിച്ചു. ഈ വയൽ അയാളുടെതല്ല. അതൊരു സാധുവിധവയായ ദുബാക്കിയുടെതായിരുന്നു. അവർ അയാൾക്ക് 200ക. ക്ക് പണയം കൊടുത്തതാണ്. അവർക്ക് വളരെക്കാലമായി അത് വീട്ടിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ ആ ദുസ്സാമർത്ഥ്യക്കാരനായ പിശുക്കൻ അയാളുടെ ഭാര്യയെയും ദുബാക്കിയെയും ദൈവത്തേയും ഒരേ സമയം വഞ്ചിച്ചു. വയൽ വളരെ മോശവും ഫലപുഷ്ടിയില്ലാത്തതും കൃഷിക്ക് കൊള്ളാത്തതും നല്ല കാലത്തുകൂടി ഒരാദായവും കിട്ടാത്തതുമായിരുന്നു.

അങ്ങനെ എടപാട് കഴിഞ്ഞ് സ്ഥലം ആ ക്ഷേത്രത്തിലെ സാധു പുരോഹിതനെ ഏൽപിച്ചു. അയാൾ വളരെ സന്തോഷിക്കുകയും ചെയ്തു. കുറച്ചുകാലം കഴിഞ്ഞപ്പോൾ പ്രതീക്ഷിക്കാത്ത പലതും സംഭവിച്ചു. ഒരു ഭയങ്കര കൊടുങ്കാറ്റും പേമാരിയുമുണ്ടായി. പിശുക്കന്റെ വീട്ടിന്ന് ഇടിവെട്ടേറ്റ് അയാളും ഭാര്യയും മരിച്ചുപോയി. ദ്ദുബാക്കിയും മരിച്ചുപോയി.

അടുത്ത ജന്മത്തിൽ, ഈ ധനികനായ പിശുക്കൻ മഥുരയിലെ ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച് അയാൾക്ക് വീരഭദ്രപ്പ എന്നു പേരിട്ടു. അയാളുടെ പവിത്രയായ ഭാര്യ മേപ്പടി മഹാദേവക്ഷേത്രത്തിലെ പുരോഹിതന്റെ മകളായി ജനിച്ച് അവൾക്ക് ഗൗരി എന്ന് പേരിട്ടു. ദുഭാക്കി ക്ഷേത്രത്തിലെ തന്ത്രിയുടെ മകനായി ജനിച്ച് അയാൾക്ക് ചെന്നബാസപ്പ എന്നുപേരിട്ടു. പുരോഹിതൻ എന്റെ ഒരുസ്നേഹിതനായതുകൊണ്ട് എന്റെ അടുക്കൽവന്ന് പുകവലിച്ച് തമാശ പറഞ്ഞിരിക്കലുണ്ടായിരുന്നു. അയാളുടെ മകൾ ഗൗരിയും എന്റെ ഭക്തയായിരുന്നു. അവൾ

വേഗം വളർന്നു വന്നതുകൊണ്ട് അച്ഛൻ ഒരു നല്ല ഭർത്താവിനെ അന്വേഷിക്കാൻ തുടങ്ങി. ഞാൻ അയാളോട് പരിഭ്രമിക്കേണ്ടെന്നും വരൻതന്നെ അന്വേഷിച്ചെത്തുമെന്നും പറഞ്ഞു. അങ്ങനെയിരിക്കുമ്പോൾ ദരിദ്രനായ വീരഭത്രപ്പ അലഞ്ഞു തിരിഞ്ഞ ഭിക്ഷാംദേഹിയായി പുരോഹിതന്റെ വീട്ടിൽ വന്നു. എന്റെ അനുവാദത്തോടെ ഗൗരിയെ അയാൾക്ക് വിവാഹം ചെയ്തുകൊടുത്തു. അയാളും ആദ്യത്തിൽ ഞാൻ അയാളുടെ വിവാഹത്തിന് കാരണഭൂതനായതുകൊണ്ട്, എന്നോട് ഭക്തി കാണിച്ചിരുന്നു. ഈ ജീവിതത്തിലും അയാൾ പണം മോഹിയായതുകൊണ്ട് എന്നോട്, അയാൾ വിവാഹിതനായതുകൊണ്ട്, പണം കിട്ടാനുള്ള വഴി കാണിച്ചുകൊടുക്കണമെന്നപേക്ഷിക്കുമായിരുന്നു.

പ്രതീക്ഷിക്കാത്ത പലതും സംഭവിച്ചു. പെട്ടെന്ന് വിലക്കയറ്റങ്ങളുണ്ടായി. ഗൗരിയുടെ ഭാഗ്യംകൊണ്ട്, ഭൂമിക്ക് വളരെ പ്രിയം വന്നതിനാൽ മുൻപറഞ്ഞ സ്ഥലം ഒരു ലക്ഷം ഉറുപ്പികക്ക് വിറ്റു. (100 ഇരട്ടി വില) പകുതി വില ഉടനെ കൊടുത്തു. ബാക്കി 2000 ക. വീതം 25 തവണകളിലായി കൊടുക്കാനും നിശ്ചയിച്ചു. എല്ലാവരും ഇതിന്നു സമ്മതിച്ചെങ്കിലും പണത്തിനുവേണ്ടി കലഹിക്കാൻ തുടങ്ങി. അവരെന്നോടാലോചിക്കാൻ വന്നു. ഞാൻ ഭൂമി ദൈവത്തിന്റേതാണെന്നും അത് പുരോഹിതനിൽ ലയിച്ചതാണെന്നും ഗൗരിയാണ് ഏക അവകാശി എന്നും അവളുടെ സമ്മതം കൂടാതെ പണം ഒന്നും ചെയ്യരുതെന്നും അയാളുടെ ഭർത്താവിന് അതിൽയാതൊരവകാശവുമില്ലെന്നും പറഞ്ഞു.

ഇതുകേട്ട് വീരഭദ്രപ്പ എന്നോട് കോപിച്ച് ഞാൻ ഗൗരിയുടെ അവകാശം ഉറപ്പിച്ച് പണം തട്ടാൻ ശ്രമിക്കുകയാണെന്നു പറഞ്ഞു. അവന്റെ വാക്കുകേട്ട് ദൈവത്തെ സ്മരിച്ച് ഞാൻ

മിണ്ടാതിരുന്നു. വീരഭദ്രപ്പ ഭാര്യയെ ചീത്ത പറഞ്ഞു. അവൾ ഉച്ചക്ക് എന്റെ അടുക്കൽ വന്നു. അയാളുടെ വാക്കുകൾ സാരമാക്കരുതെന്നും അവളെ മകളെപ്പോലെ കരുതി സഹായിക്കണമെന്നും അപേക്ഷിച്ചു. അവൾ അഭയം പ്രാപിച്ചതിൻ, ഞാൻ ഏഴു കടൽ താണ്ടിയും അവളെ സഹായിക്കുമെന്നു വാക്കുകൊടുത്തു. അന്നു രാത്രി ഗൗരിക്കൊരു ദർശനമുണ്ടായി, മഹാദേവ് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് "മുഴുവൻ പണവും നിന്റെതാണ്. ആർക്കും ഒന്നും കൊടുക്കരുത്. ചെന്നബാസപ്പയോടാലോചിച്ച് കുറച്ചു പണം ക്ഷേത്രാവശ്യത്തിന് ചിലവാക്കുക. വല്ല സംഖ്യയും സ്വന്തമായി ചിലവാക്കണമെങ്കിൽ, മസ്ജിദ്ദിലുള്ള ബാബയോടാലോചിച്ച് ചെയ്യുക" എന്നു പറഞ്ഞു. ഗൗരി ഈ ദർശനത്തെപ്പറ്റി എന്നോട് പറഞ്ഞപ്പോൾ ഞാൻ അവൾക്ക് അനുയോജ്യമായ ഉപദേശങ്ങൾ കൊടുത്തു. ഞാൻ അവളോട്, മുതൽസംഖ്യ സ്വന്തമായെടുക്കാനും പലിശയിൽ പകുതി ചെന്നബാസപ്പക്ക് കൊടുക്കാനും, വീരഭദ്രപ്പക്ക് അതിൽ ഒരവകാശമവുമില്ലെന്നും പറഞ്ഞു. ഞാൻ ഇതുപറഞ്ഞുകൊണ്ടിരിക്കെ വീരഭദ്രപ്പയും ചെന്നബാസപ്പയും തമ്മിൽ കലഹിച്ച് വക്കാണമായി അവിടെ എത്തിചേർന്നു. ഞാൻ കഴിയുന്നതും സമാധാനിപ്പിക്കാൻ ശ്രമിച്ച് ഗൗരിക്കുണ്ടായ ദേവദർശനത്തെപ്പറ്റി അവരോട് പറഞ്ഞു. വീരഭദ്രപ്പ കോപംകൊണ്ട് നിയന്ത്രിക്കാനാവാതെ ചെന്നബാസപ്പയെ കഴുത്തറുത്ത് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. മറ്റവൻ സാധു പ്രകൃതക്കാരനായതുകൊണ്ട് എന്റെ കാലുപിടിച്ച്, രക്ഷിക്കാനപേക്ഷിച്ചു. ഞാൻ അവനെ ശത്രുവിൽ നിന്നും രക്ഷിക്കാമെന്നു വാക്കുകൊടുത്തു. കുറെ കഴിഞ്ഞ് വീരഭദ്രപ്പ മരിച്ചു. ഒരു പാമ്പായി വീണ്ടും ജനിച്ചു. ചെന്നബാസപ്പ മരിച്ചു. ഒരു തവളയായും ജനിച്ചു. ചെന്നബാസപ്പയുടെ കരച്ചിൽകേട്ട്, എന്റെ വാക്കുകൾ

ഓർമ്മിച്ച് ഞാൻ ഇവിടെ എത്തി അവനെ രക്ഷിച്ച് ഞാൻ സത്യം പാലിച്ചു. ദൈവം ഭക്തന്മാരുടെ അപകടത്തിൽ അവരെ രക്ഷിക്കാൻ ഓടി എത്തുന്നു. അവിടുന്ന് എന്നെ ഇങ്ങോട്ടയച്ച് ചെന്ന ബാസപ്പയെ (തവള) രക്ഷിച്ചു. ഇതെല്ലാം ഭഗവാന്റെ ലീലകളാണ്".

**ഗുണപാഠം**

ഇതിലെ ഗുണപാഠം ഒരുത്തൻ എന്തൊന്നു വിതക്കുന്നുവോ അതു കൊയ്യേണ്ടിവരുമെന്നും അതിൽ നിന്ന് യാതൊരു രക്ഷയുമില്ലെന്നും മറ്റുള്ളവർക്കുള്ള കടപ്പാടുകൾ തീർത്തെ കഴിയൂ എന്നും പണത്തിനുള്ള ദുരാഗ്രഹം ദുരാഗ്രഹിയെ താഴ്ത്തികൊണ്ടുവരികയെയുള്ളുവെന്നും അവസാനം അയാൾക്കും മറ്റുള്ളവർക്കും അത് നാശം വരുത്തുന്നുവെന്നുമാണ്.

ശ്രീ സായിയെ നയമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !